പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1072

30.10.2019 -ലെ മറുപടിയ്ക്ക്

## കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കരട് സാമൂഹ്യ സുരക്ഷാചട്ടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര തൊഴിൽ മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയ കരട് സാമൂഹ്യ സുരക്ഷ ചട്ടത്തിൽ നിന്നും പി.എഫും ഇ. എസ്. ഐ. യും അടക്കമുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾ സാർവ്വത്രിക മാക്കുമെന്ന വ്യവസ്ഥ എടുത്ത് കളഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കേന്ദ്ര തൊഴിൽ മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയ കരട് സോഷ്യൽ സെക്യൂരിറ്റി കോഡിൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ സാർവത്രികമാക്കുന്നതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കരടിലെ ഈ നിർദ്ദേശം പ്രാവർത്തികമായാൽ ആയത് കേരളത്തിലെ തൊഴിലാളികളെ എങ്ങനെ ബാധിക്കുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) ഈ കോഡിന്റെ കീഴിലുള്ള ചട്ടങ്ങളും ക്ഷേമ പദ്ധതികളും കൂടി രൂപീകൃതമായി കഴിഞ്ഞാലെ നിലനിൽക്കുന്ന ക്ഷേമാനുകൂല്യങ്ങളിൽ നിന്നും തൊഴിലാളികൾക്ക് അനുകൂലമായോ പ്രതികൂലമായോ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടോയെന്നത് വ്യക്തമാകുകയുള്ളൂ. |
| സി) അസംഘടിത തൊഴിലാളികളെ കൂടി സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകുമോ എന്നറിയിക്കാമോ? | സി) നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് നിയമത്തിൽ അസംഘടിത തൊഴിലാളികളും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ നിയമം അന്തിമമായി ഉത്തരവാകുകയും ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷവും മാത്രമേ വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ